# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4739 — 19.05.2017 ന് മറുപടിയ്ക്ക്.

## ഇക്കോ ടൂറിസം സാദ്ധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എം.മുകേഷ്<br>പ്രൊഫ..കെ.യു.അരുണൻ<br>ശ്രീ.രാജു എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)സംസ്ഥാനത്ത് പരിസ്ഥിതി വിനോദസഞ്ചാരത്തിന്റെ (ഇക്കോ ടൂറിസം) സാധ്യതകൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് ഇക്കോ ടൂറിസം നടപ്പാക്കി വരുന്നു. ഇക്കോ ടൂറിസം കേരളത്തിൽ വിജയകരമായി നടന്നു വരുന്നു. |
| (ബി) വനസംരക്ഷണ സമിതി പോലുള്ള വിവിധ ഗ്രൂപ്പുകളിലും തദ്ദേശവാസികളിലും ഇക്കോ ടൂറിസത്തെക്കുറിച്ച് അവബോധം വളർത്തി പരിസ്ഥിതി സംരക്ഷണത്തെ സഹായിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) &(സി) വനസംരക്ഷണ സമിതികളുടെ പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ carrying capacity പഠനം നടത്തുന്നതിനുള്ള നടപടികളും, പരിസ്ഥിതി സംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള ഇക്കോ ടൂറിസം സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) സന്ദർശകരുടെ സ്വാധീനം പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ടൂറിസം പരിപാലിക്കുന്നതിന് വനം വകുപ്പ് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | |
| (ഡി) വിവിധ ടൂറിസം പദ്ധതികൾ പരിസ്ഥിതി സംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് അവലോകന സംവിധാനങ്ങൾ ഏർപ്പെടുത്തുമോ? | (ഡി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകരുടെ പരിധി നിശ്ചയിക്കുന്നതിനായി ഇക്കോടൂറിസം കേന്ദ്രങ്ങളിൽ carrying capacity പഠനം നടത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള ഇക്കോ ടൂറിസം നടത്തിപ്പ് സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ